(ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ മാതാപിതാക്കൾ ഇല്ലാത്ത അർജ്ജുൻ, അഞ്ജന തുടങ്ങിയ കുട്ടികളുടെ വിദ്യാഭ്യാസ ധനസഹായത്തിനായി പ്രസ്തുത കുട്ടികളുടെ അമ്മൂമ്മ ശ്രീമതി അമ്മിണി, പൈപ്പാറ, മൂന്നാംപറമ്പ്, കറുകുറ്റി സമർപ്പിച്ചിട്ടുള്ള അപേക്ഷ എന്നത്തേക്ക് പരിഗണിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ധനസഹായം അനുവദിച്ചുതുടങ്ങിയിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകൾ പദ്ധതിപ്രകാരം ധനസഹായത്തിന് അർഹരാണെന്ന് കണ്ടെത്തിയതിനാൽ താമസംവിനാ അവർക്ക് ധനസഹായം അനുവദിക്കുന്നതാണ്.

**അട്ടപ്പാടിയിലെ സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനം**

307 (3210) ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ എത്ര ഐ.സി.ഡി.എസ്. കേന്ദ്രങ്ങൾ ഉണ്ട് ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ഐ.സി.ഡി.എസ്. കേന്ദ്രങ്ങളുടെ പേരുവിവരവും ജീവനക്കാരുടെ വിവരങ്ങളും നൽകുമോ ;

(സി) പോഷകാഹാരക്കുറവുമൂലം കുഞ്ഞുങ്ങൾ മരിക്കുവാനിടയായ സാഹചര്യത്തിൽ സാമൂഹ്യക്ഷേമവകുപ്പിന് വീഴ്ച പറ്റിയതായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ അട്ടപ്പാടിയിൽ ഒരു ഐ.സി.ഡി.എസ്. പ്രോജക്ട് നിലവിലുണ്ട്.

(ബി) ഐ.സി.ഡി.എസ്. അട്ടപ്പാടി പ്രോജക്ടിലെ ഇപ്പോഴത്തെ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | തസ്തിക | പേര് | റിമാർക്സ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | സി.ഡി.പി.ഒ. | ബിന്ദു ഗോപിനാഥ് | |
| 2 | ഹെഡ് അക്കൗണ്ടന്റ് | രാഹുൽ എ.എസ്. | |
| 3 | എൽ.ഡി. ക്ലാർക്ക് | ഗിരിജ. ആർ. | |
| 4 | എൽ.ഡി. ടൈപ്പിസ്റ്റ് | ഷെറാഷിമി .ടി.എസ്. | |
| 5 | ഡ്രൈവർ (ഹയർ ഗ്രേഡ്) | ബാബു. കെ. ആർ. | |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | ഓഫീസ് അറ്റൻഡന്റ് | ലളിത. പി. | |
| 7 | ഓഫീസ് അറ്റൻഡന്റ് | മോനിഷ. ആർ | വർക്കിംഗ് അറേഞ്ച്മെന്റിൽ പ്രൊബേഷൻ ഓഫീസിൽ ജോലി ചെയ്യുന്നു. |
| 8 | നൈറ്റ് വാച്ച്മാൻ | കണ്ണൻ എൻ. | |
| 9 | സൂപ്പർവൈസർ | ഹാജിറബീവി സി.എം. | |
| 10 | സൂപ്പർവൈസർ | മേഴ്സി കെ.കെ. | 6 മാസത്തെ ലീവിലാണ് |
| 11 | സൂപ്പർവൈസർ | രാധ കെ. | |
| 12 | സൂപ്പർവൈസർ | ലതാകുമാരി കെ.ആർ | |
| 13 | സൂപ്പർവൈസർ | തങ്കം കെ. | |
| 14 | സൂപ്പർവൈസർ | വിജയലക്ഷ്മി പി. | |
| 15 | സൂപ്പർവൈസർ | ഡെയ്സി മാത്യു എ. | |
| 16 | സൂപ്പർവൈസർ | പരമേശ്വരൻ എൻ. | |
| 17 | പി.ടി.എസ്. | കാളിയമ്മാൾ | |

(സി) അട്ടപ്പാടിയിൽ ഐ.സി.ഡി.എസ്. പദ്ധതിയുടെ പ്രവർത്തനത്തിൽ ഭരണപരമായ ചില വീഴ്ചകൾ ഉണ്ടായിരുന്നു. മുമ്പുണ്ടായിരുന്ന ശിശുവികസന പദ്ധതി ഓഫീസറെ സ്ഥലംമാറ്റുകയും പകരം ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഐ.സി.ഡി.എസ്.സൂപ്പർവൈസർ തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ നികത്തുകയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കായി ഒരു ഹെഡ് അക്കൗണ്ടന്റ് തസ്തിക പ്രസ്തുത ഓഫീസിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു.

**സാമൂഹിക സുരക്ഷിതത്വ മിഷന്റെ ജീവകാരുണ്യ പദ്ധതികൾ**

**308 (3211)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹിക സുരക്ഷിതത്വ മിഷൻ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജീവകാരുണ്യ പദ്ധതികൾ ഏതെല്ലാം ;

(ബി) പുതിയതായി എന്തെല്ലാം പദ്ധതികൾ ആയതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുവാനുദ്ദേശിക്കുന്നു ; വിശദാംശം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly